(സി) ബാധകമല്ല.

(ഡി) കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കെ.എം.എഫ്.ആർ. ആക്ട് കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തീരക്കടൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്.

(ഇ) 'കേരള അക്വേറിയൽ റിഫോംസ്' ബിൽ നിയമമാകുന്നതോടെ നിലവിലുള്ള ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് പ്രത്യേക പദ്ധതികൾ

216 (1974) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് എന്തൊക്കെ പ്രത്യേക പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത് ;

(ബി) ഇതിനായി മത്സ്യഫെഡ് പലിശരഹിത വായ്പ വിതരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ എത്ര തുക വിതരണം നടത്തിയിട്ടുണ്ട് :

(സി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ഇത്തരത്തിൽ എന്തു തുക വായ്പ നൽകിയിട്ടുണ്ട് :

(ഡി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി എന്ത് തുക നല്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പലിശരഹിത വായ്പക്ക് പുറമേ മറ്റെന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് മത്സ്യഫെഡ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളായ വനിതകൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു :

1. മത്സ്യവിപണനത്തിന് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ പദ്ധതി
2. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം.
3. സുനാമി അടിയന്തര സഹായ പദ്ധതി (റ്റി.ഇ.എ.പി.) പ്രകാരം ചെറുകിട ഞാറിൽ സംരംഭങ്ങളുടെ വികസനം. വൃത്തിയാക്കിയ പച്ച മത്സ്യ/ഉണക്ക മത്സ്യ വിപണനം യൂണിറ്റ്. ടീപ്പ് ഫേസ് II പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

4. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, സോപ്പ് സോപ്പുൽപ്പന്നങ്ങളുടെ നിർമ്മാണം, ഗ്രാമീണ വിപണന നിർവ്വഹണം.

5. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി പദ്ധതിയിൽപ്പെടുത്തി ചെറുകിട, തൊഴിൽ സംരംഭങ്ങളുടെ വികസനം, മത്സ്യ സംസ്കരണം, സോപ്പ് സോപ്പുൽപ്പന്നങ്ങളുടെ നിർമ്മാണം മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണവും നവീകരണവും, ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടർന്ന് കൊണ്ടു പോകൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) പലിശരഹിത വായ്പാ വിതരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യഫെഡ് താഴെപറയുന്ന രീതിയിൽ തുക വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി	വിതരണം ചെയ്ത തുക (രൂപ)
പലിശരഹിത വായ്പാ പദ്ധതി 1-ാം ഘട്ടം 5000 രൂപ വീതം	1513.45 ലക്ഷം
പലിശരഹിത വായ്പാ പദ്ധതി 2-ാം ഘട്ടം 10,000 രൂപ വീതം	1500.00 ലക്ഷം
പലിശരഹിത വായ്പാ പദ്ധതി 3-ാം ഘട്ടം	
5,000 രൂപ വീതം	136.15 ലക്ഷം
10,000 രൂപ വീതം	352.90 ലക്ഷം
ആകെ	3502.50 ലക്ഷം

(സി) സംസ്ഥാനത്തെ 9 ജില്ലകളിൽ താഴെപറയുന്ന രീതിയിൽ വായ്പ നൽകിയിട്ടുണ്ട് :

ക്രമ നമ്പർ	ജില്ല	1-ാം ഘട്ടം	2-ാം ഘട്ടം	3-ാം ഘട്ടം	ആകെ
(1)	(2)	(3)	(4)	(5)	(6)
1	തിരുവനന്തപുരം	549.25	694.10	49.60	1292.95
2	കൊല്ലം	148.85	85.40	...	234.25
3	ആലപ്പുഴ	168.45	99.80	44.70	312.95

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
4	കോട്ടയം	105.95	187.50	37.00	330.45
5	എറണാകുളം	333.60	269.30	235.70	638.60
6	തൃശ്ശൂർ	14.20	28.30	0	42.60
7	കോഴിക്കോട്	2.65	3.70	1.35	7.70
8	കണ്ണൂർ	57.10	41.00	38.00	138.10
9	കാസർഗോഡ്	133.40	90.90	82.70	307.00
	ആകെ	1513.45	1500.00	489.05	3502.50

(ഡി) പലിശരഹിത വായ്പയുടെ 1-ാം ഘട്ടം വായ്പ തുകയായ 5,000 രൂപ ഒരു വർഷം കൊണ്ട് പൂർണ്ണമായും അടച്ചു തീർക്കുന്ന 15000 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം 2-ാം ഘട്ടമായി വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. 1-ാം ഘട്ടം വായ്പ അടച്ചു തീർത്ത 15,000 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം 2-ാം ഘട്ടമായി വിതരണം ചെയ്തു കഴിഞ്ഞു. 1-ാം ഘട്ടം വായ്പ അടച്ചുതീർക്കുന്ന ബാക്കി ഗുണഭോക്താക്കൾക്ക് 3-ാം ഘട്ടമായി 10,000 രൂപ വീതം വിതരണം ചെയ്തുവരുന്നു.

(ഇ) ഇതു സംബന്ധിച്ച് ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

217 (1975) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്ത് സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടു കഴിയുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവരുടെ കടബാദ്ധ്യതയുടെ വ്യാപ്തി എത്രവരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ മത്സ്യത്തൊഴിലാളികൾ പ്രധാനമായും ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത് ;

(ഡി) കടക്കെണിയിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ പ്രസ്തുത ബാദ്ധ്യതയിൽ നിന്ന് മോചിപ്പിക്കാൻ സ്വീകരിച്ച നടപടിയെന്തെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly